കാപ്പാട് ടൂറിസ്റ്റ് കേന്ദ്രത്തിന്റെ വിപുലീകരണ നടപടി

128 (839)ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ-സഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കാപ്പാട് ടൂറിസ്റ്റ് കേന്ദ്രത്തിന്റെ വിപുലീകരണത്തിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കാപ്പാട് ടൂറിസ്റ്റ് കേന്ദ്ര വികസനത്തിനായി എന്തെങ്കിലും പ്രോജക്ടുകൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ഇല്ലെങ്കിൽ ചരിത്ര പ്രസിദ്ധ ടൂറിസ്റ്റ് കേന്ദ്രമായ കാപ്പാടിൽ ടൂറിസ്റ്റുകളെ ആകർഷിക്കുവാനുള്ള സമഗ്രപദ്ധതിക്ക് സർക്കാർ രൂപം കൊടുക്കുമോ?

ഉത്തരം

(എ) കൂടുതൽ വിപുലീകരണത്തിന് ഇപ്പോൾ ഉദ്ദേശമില്ല.

(ബി)&(സി) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലാണ് ഇക്കാര്യത്തിൽ പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കേണ്ടത്.

ബേക്കൽ വിനോദ സഞ്ചാര കേന്ദ്രം

129 (840)ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ-സഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ വിനോദസഞ്ചാര കേന്ദ്രത്തിന്റെ വികസനത്തിനായി രൂപീകരിക്കപ്പെട്ട ബി.ആർ.ഡി.സി. യുടെ ആസ്ഥാനം ഇപ്പോൾ എവിടെയാണ് സ്ഥിതിചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ആസ്ഥാനം പദ്ധതി പ്രദേശത്തു തന്നെ വേഗം എന്നതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്മേൽ എന്തു നടപടിയാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബി.ആർ.ഡി.സി.യുടെ രജിസ്ട്രേഡ് ഓഫീസ് തിരുവനന്തപുരത്തും പ്രോജക്ട് ഓഫീസ് കാസർഗോഡ് ജില്ലയിലെ ഉദുമയിലുമാണ് സ്ഥിതി ചെയ്യുന്നത്.

(ബി) ഉണ്ട്.

(സി) പരിശോധിച്ചു വരുന്നു. ഉടൻ തന്നെ തീരുമാനമെടുക്കുന്നതാണ്.

ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ പ്രവർത്തനം

130 (841)ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ-സഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനു കീഴിൽ എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്ര പദ്ധതികൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളത്; എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) എത്ര പദ്ധതികൾ പൂർത്തിയായിട്ടുണ്ട്; വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനു കീഴിൽ വിനോദ സഞ്ചാര വികസനത്തിനായി ആലപ്പുഴ എം.എൽ.എ. ഏതെങ്കിലും പ്രോജക്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന്മേൽ സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(എഫ്) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനു കീഴിൽ ആലപ്പുഴയിൽ ടൂറിസം ഇൻഫർമേഷൻ കേന്ദ്രം ആരംഭിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ ഈ കേന്ദ്രം എന്നാണ് ആരംഭിച്ചിട്ടുള്ളത്; കേന്ദ്രം ആരാണ് ഉദ്ഘാടനം ചെയ്തിട്ടുള്ളത്;

(എച്ച്) ചടങ്ങിന് ആലപ്പുഴ എം.എൽ.എ.യെ ക്ഷണിച്ചുരുന്നോ; എങ്കിൽ ചട്ടങ്ങളിൽ എം.എൽ.എ. യുടെ പങ്കാളിത്തം എന്തായിരുന്നു;

(ഐ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ജെ) ആലപ്പുഴയിൽ ജില്ലാ ടൂറിസം പ്രമോഷനുകീഴിൽ തുടങ്ങാനിരിക്കുന്ന അമെനിറ്റീവും തറക്കല്ലിടൽ ചടങ്ങ് നടത്തിയത് ആരാണെന്ന് വ്യക്തമാക്കുമോ;

(കെ) ഈ ചടങ്ങിൽ സ്ഥലം എം.എൽ.എ. യെ ക്ഷണിച്ചിരുന്നുവോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(എൽ) എം.എൽ.എ.യെ ക്ഷണിക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ടൂറിസം വികസന പദ്ധതികൾ താഴെ പറയുന്നവയാണ്.

1. അമെനിറ്റി സെന്റർ
2. രാജാകേശവദാസ് പാർക്കിന്റെ നിർമ്മാണം
3. പിക്ക്നിക്ക് സ്പോട്ട്
4. കനാൽ സൗന്ദര്യവൽക്കരണം
5. വാട്ടർ തീം പാർക്ക്
6. ലക്ഷ്വറി ബോട്ട് വാങ്ങൽ
7. ഹൗസ് ബോട്ട് വാങ്ങൽ
8. കോട്ടേജ്/ റിസോർട്ട് നിർമ്മാണം
9. ഫ്ളോട്ടിംഗ് റെസ്റ്റോറന്റ് തുടങ്ങൽ
10. വഴിയോര വിശ്രമകേന്ദ്രം തുടങ്ങൽ
11. ഇൻഫർമേഷൻ സെന്റർ തുടങ്ങൽ

LIBRARY ARCHIVES Kerala Legislative Assembly

(ബി) മേൽപ്പറഞ്ഞ പദ്ധതികളിൽ അമെനിറ്റി സെന്റർ, രാജാകേശവ ദാസ് പാർക്ക്, പിക്ക്നിക് സ്പോട്ട്, ലക്ഷ്വറി ബോട്ട് എന്നിവയ്ക്ക് ടൂറിസം വകുപ്പിൽ നിന്ന് ധനസഹായം നൽകിയിട്ടുണ്ട്. അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള ടെണ്ടർ ക്ഷണിക്കുക തുടങ്ങിയ പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കനാൽ സൗന്ദര്യവൽക്കരണം ഘട്ടം ഘട്ടമായി ചെയ്തുകൊണ്ടിരിക്കുന്നു.

(സി) കനാൽ സൗന്ദര്യവൽക്കരണം (സീ വ്യൂ പാർക്ക്) രണ്ടാം ഘട്ടം പൂർത്തിയായിക്കഴിഞ്ഞു. മറ്റ് പദ്ധതികൾ പ്രാരംഭഘട്ടത്തിലാണ്.

(ഡി)&(ഇ) ടൂറിസം വികസനത്തിനായി ആലപ്പുഴ എം.എൽ.എ. 5.95 കോടി രൂപ മതിപ്പ് ചെലവ് വരുന്ന ഒരു കരട് നിർദ്ദേശം ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് നൽകിയിട്ടുണ്ട്. അത് ഡി.ടി.പി.സി. യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ ചില പദ്ധതികൾക്ക് വിശദമായ പ്രോജക്ടുകൾ തയ്യാറാക്കി മറ്റ് പ്രോജക്ടുകൾക്കൊപ്പം സർക്കാരിലേക്ക് ഭരണാനുമതിക്ക് വേണ്ടി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ താഴെപ്പറയുന്ന നാല് പ്രോജക്ടുകൾക്ക് 1998-99 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്.

(1) ടൂറിസ്റ്റ് ലക്ഷ്വറിബോട്ട്	21 .60 ലക്ഷം രൂപ
(2) പിക്ക്നിക് സ്പോട്ട്	13.00 ലക്ഷം രൂപ
(3) അമെനിറ്റി സെന്റർ	16.00 ലക്ഷം രൂപ
(4) രാജാ കേശവദാസ് പാർക്ക്	18.46 ലക്ഷം രൂപ

അനുവദിച്ച പദ്ധതികളുടെ നടപ്പിലാക്കലിലുള്ള പുരോഗതിയും വിഭവ ലഭ്യതയുമനുസരിച്ച് മറ്റ് പദ്ധതികൾ പരിഗണിക്കുന്നതാണ്.

ഇതു കൂടാതെ ആലപ്പുഴയിൽ ഒരു ഹൗസ് ബോട്ട് ടെർമിനൽ സ്ഥാപിക്കുന്നതു സംബന്ധിച്ച് എം.എൽ.എ. ഒരു പ്രോജക്ട് സമർപ്പിച്ചിരുന്നതും ആലപ്പുഴയിൽ 'നാട്പാക്' നിർദ്ദേശിച്ച സ്ഥലത്ത് ഒരു ബോട്ട് ടെർമിനലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ എം.എൽ.എ. സമർപ്പിച്ച പ്രോജക്ട് പരിഗണിക്കാൻ കഴിയുകയില്ലെന്ന് മറുപടി നൽകിയിട്ടുണ്ട്.

(എഫ്) ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ കീഴിൽ 1990 മുതൽ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ആഫീസിനോടനുബന്ധിച്ച് വിപുലമായ ഒരു ടൂറിസം ഇൻഫർമേഷൻ കേന്ദ്രം പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിനും പുറമേ വാട്ടർ ട്രാൻസ്പോർട്ട് ജട്ടിയിൽ ഡി.ടി.പി.സി.ക്ക് വിട്ടുകിട്ടിയ ഒരു ചെറിയ മുറിയിൽ താൽക്കാലികമായി ഒരു ഇൻഫർമേഷൻ സെന്ററിന്റെ പ്രവർത്തനം 23.11.99 ന് ആരംഭിച്ചിട്ടുണ്ട്.

(ജി) ആലപ്പുഴ ഡി.ടി.പി.സി. യുടെ 20.11.99 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനമനുസരിച്ച് 23.11.99 ൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചു. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം കൂടിയായ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി. പത്മനാഭൻ നിലവിളക്ക് കൊളുത്തിയാണ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചത്.

(എച്ച്)&(ഐ) ക്ഷണിച്ചിരുന്നില്ല എന്നു മനസ്സിലാക്കുന്നു. ഡി.ടി.പി.സി. ഭാരവാഹികൾ എം.എൽ.എ. യുടെ വസതിയിൽ അന്വേഷിച്ചപ്പോൾ അദ്ദേഹം സ്ഥലത്ത് ഇല്ലായെന്ന് അറിയാൻ കഴിഞ്ഞു എന്നും പ്രത്യേക

LIBRARY ARCHIVES Kerala Legislative Assembly

നോട്ടീസോ ക്ഷണക്കത്തോ ഒന്നും തയ്യാറാക്കാതെ വളരെ ലളിതമായ രീതിയിൽ നടത്തപ്പെട്ട ചടങ്ങിൽ, സ്ഥലത്തില്ലാതിരുന്നതിനാൽ മാത്രമാണ് സ്ഥലം എം.എൽ.എ. യെ ക്ഷണിക്കാതിരുന്നത് എന്നുമാണ് സർക്കാരിന് ലഭിച്ചിട്ടുള്ള വിവരം.

(ജെ) അമെനിറ്റി സെന്ററിന്റെ ശിലാസ്ഥാപനചടങ്ങ് നടന്നത് 27.11.99-ൽ ആണ്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി. പത്മനാഭനാണ് ചടങ്ങ് നടത്തിയത്.

(കെ) 27.11.99 ലെ പരിപാടിയിൽ എം.എൽ.എ. യെ ക്ഷണിച്ചിരുന്നതായാണ് ഡി.ടി.പി.സി. അറിയിച്ചിരിക്കുന്നത്.

(എൽ) ഇക്കാര്യം സംഘാടകരായ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുമായി അന്വേഷിക്കുകയുണ്ടായി. 23.11.99 ലെ ഇൻഫർമേഷൻ കേന്ദ്രം ഉദ്ഘാടനം വളരെ ലളിതമായി ക്ഷണക്കത്തുപോലും അച്ചടിക്കാതെയാണ് നടത്തിയതെന്ന് മനസ്സിലാക്കുന്നു. എം.എൽ.എ. സ്ഥലത്തില്ലാതിരുന്നതു കൊണ്ട് മാത്രമാണ് ഇക്കാര്യം അദ്ദേഹത്തെ അറിയിക്കാൻ കഴിയാത്തതെന്ന് റിപ്പോർട്ടും ചെയ്തിട്ടുണ്ട്. 27.11.99 ലെ പരിപാടി എം.എൽ.എ.യെ യഥാസമയം അറിയിച്ചിരുന്നതായും അറിയുന്നു. ബോധപൂർവ്വം എം.എൽ.എ.യെ അനാദരിക്കുംവിധം ഡി.ടി.പി.സിയുടെ ഭാഗത്തു നിന്ന് യാതൊന്നും ചെയ്തിട്ടില്ലായെന്നും അന്വേഷണത്തിൽ മനസ്സിലാക്കുന്നു. എന്തായാലും ഇക്കാര്യം സർക്കാർ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. മേലിൽ സർക്കാർ ആഭിമുഖ്യത്തിലുള്ള പരിപാടികൾ സംഘടിപ്പിക്കുമ്പോൾ പ്രോട്ടോക്കോൾ വീഴ്ചകൂടാതെ പാലിക്കാൻ വേണ്ട നിർദ്ദേശങ്ങൾ ഡി.ടി.പി.സി.ക്ക് നൽകുന്നതാണ്.

ആൾ കേരള സ്മാൾ സ്കെയിൽ ഫ്ളവർ ആന്റ് റൈസ് മിൽ ഓണേഴ്സ് അസോസിയേഷന്റെ നിവേദനം

131 (842)ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ-സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആൾ കേരള സ്മാൾ സ്കെയിൽ ഫ്ളവർ ആന്റ് റൈസ്മിൽ ഓണേഴ്സ് അസോസിയേഷന്റെ നിവേദനം ഗവണ്മെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നിവേദനത്തിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തെല്ലാം;

(സി) ഇതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ ആ തീരുമാനം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ താഴെപ്പറയുന്നവയാണ്.

LIBRARY ARCHIVES Kerala Legislative Assembly